നമുക്കതിൽ യാതൊരു കാര്യവുമില്ലെങ്കിലും മെമ്പറുടെ പരാതി കിട്ടിയപ്പോൾ ഞാൻ പരിശോധിക്കുകയുണ്ടായി. അത് മദിരാശിയിൽ രജിസ്റ്റർ ചെയ്തതായിട്ടാണ് അറിഞ്ഞത്. 613/19-88. 21-11-88 എന്നുള്ള റഫറൻസ് കാണുന്നുണ്ട്. 626/15-7-93 എന്ന റഫറൻസ് കാണുന്നുണ്ട്. ഇത് മദ്രാസിൽ രജിസ്റ്റർ ചെയ്തതായിട്ടാണ് കാണുന്നത്. സി. ബി. എസ്. സി.യുടെ രജിസ്ട്രേഷന്റെ ആഫീസ് അവിടെയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഇതൊരു തട്ടിപ്പ് കമ്പനിയാണ്. ഇവർ ഹയർ പർച്ചേസിൽ വാഹനങ്ങൾ വാങ്ങിച്ചു. അതിന് തക്ക രേഖകളൊക്കെ കൊടുത്തു. മുഴുവൻ ആളുകളെയും കബളിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മൂന്ന് ബ്ലോക്കുകളിലായിട്ട് പതിനാല് മുറികളുണ്ട്. ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുള്ളത് ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. ലോക്കലായിട്ട് ഒരു ചെറിയ സംവിധാനം ഇവർ ചെയ്തിട്ടുണ്ട്. തല്ക്കാലം ഈ കുട്ടികളെ വഴിയാധാരമാക്കരുതെന്ന് വിചാരിച്ച് അവർക്ക് ട്യൂഷൻ ഫീർപ്പെടുത്തിയിട്ടുണ്ട്. അവരെ ടീച്ചർക്ക് അറിയാമായിരിക്കുമല്ലോ ? പ്രാദേശികമായിട്ടുള്ള ഒരു സംവിധാനമാണ്. കുറേ കുട്ടികളെ കിട്ടി. സി. വാങ്ങി വേറൊരു സി. ബി. എസ്. ഇ. സ്കൂളിൽ പോയിട്ടുണ്ട്. ബാക്കി കുട്ടികളെ വച്ച് അനൗദ്യോഗികമായിട്ട് ആ സ്ഥലത്ത് ക്ലാസുകളെ നടത്തുന്നുണ്ട്. കാരണം വേറെ സി. ബി. എസ്. ഇ. സ്കൂളുമായി അറ്റാച്ച് ചെയ്യുന്നതിനുള്ള പ്രതീക്ഷയുമായിട്ടായിരിക്കാം നടത്തുന്നത്. ഗവൺമെന്റിന് നേരിട്ട് ഒത്ത കൺട്രോളും ഇല്ല. നമ്മളെ കൊടുത്തതല്ല. നമുക്ക് അതുമായിട്ടൊരു ബന്ധവുമില്ല. എങ്കിൽ പോലും കുട്ടികളുടെ ഭാവിയ്ക്കുവേണ്ടി എന്തുചെയ്യാൻ പറ്റുമെന്ന് നോക്കാം.

പ്രൊഫസർ മീനാക്ഷി തമ്പാൻ : നമ്മുടെ ഗവൺമെന്റ് ഇപ്പോൾ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുക്കുന്നുണ്ടല്ലോ ? അപ്പോൾ അതിന്റെ നിജസ്ഥിതിയൊക്കെ പരിശോധിക്കണമല്ലോ.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : നമ്മൾ എൻ.ഒ. സി. കൊടുക്കുന്നത് എങ്ങനെയെന്ന് വച്ചാൽ, ഇവരുടെ സ്ഥലം ഇതുപോലുള്ള കാര്യങ്ങൾ വച്ചുകൊണ്ടാണ്. അതിന്റെ രജിസ്ട്രേഷൻ കൊടുക്കേണ്ടത് സി. ബി. എസ്.ഇ. യാണ്. ഇനികൊടുത്താലും നമുക്ക് അതിൽ ചെയ്യേണ്ട എന്തു വേണമെങ്കിലും ചെയ്യാം. ഇപ്പോൾ ഈ കുട്ടികളുടെ ഭാവി ഒരു പ്രശ്നമാണ്. അതുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരേയും മറ്റും വിളിച്ചിട്ട് നമുക്ക് നാളെയോ, മറ്റന്നാളോ ഒരു യോഗം കൂടി കുട്ടികളുടെ ഭാവിയ്ക്ക് ഒരു ദോഷവും ഇല്ലാത്ത രീതിയിൽ ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യാം. ബഹുമാനപ്പെട്ട മെമ്പറുമായിട്ട് ഒരു ചർച്ച നടത്തിയിട്ട് അതിനുവേണ്ട പരിഹാരം ഉണ്ടാക്കാൻ ഉത്സാഹിക്കാം

(3) കാഞ്ഞങ്ങാട് ആസ്ഥാനമാക്കി പുതിയ വിദ്യാഭ്യാസ ജില്ല

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : സർ, കാസർകോട് റവന്യൂ ജില്ലയോളം വലിപ്പമുള്ള ഒരു വിദ്യാഭ്യാസജില്ലയാണ്. ഒരു പക്ഷെ സംസ്ഥാനത്തെ ഏറ്റവും വലിയ വിദ്യാഭ്യാസ ജില്ലയായിരിക്കാം കാസർകോട് എന്നാണ് എനിക്ക് തോന്നുന്നത്. 110 ഹൈസ്കൂളുകളുള്ള ഒരു ജില്ലയാണിത്. വിദ്യാഭ്യാസ ഓഫീസർമാർക്ക് സ്കൂളുകൾ സന്ദർശിക്കാനോ പോരായ്മകൾ പരിഹരിയ്ക്കാനോ കഴിയുന്നില്ല. മാത്രമല്ല, ഹെഡ്മാസ്റ്റർമാർക്ക് സ്കൂൾ സംബന്ധമായ കാര്യങ്ങൾക്കുവേണ്ടി ജില്ലാ ആസ്ഥാനത്ത് എത്തുന്നതിന് നീണ്ടകിലോമീറ്റർ യാത്ര ചെയ്യണം. ഈ പ്രത്യേക സാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly

കണക്കിലെടുത്തു നിലവിലുള്ള കാസർകോട് വിദ്യാഭ്യാസജില്ലാ വിഭജിച്ച് കാഞ്ഞങ്ങാട് ആസ്ഥാനമാക്കി പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, വളരെക്കാലമായി നിലനിൽക്കുന്ന ഒരു പ്രശ്നമാണിത്. ഇത് സംബന്ധിച്ച് മൂന്ന് വിദ്യാഭ്യാസ ജില്ലകൾ ഭാഗിക്കുമെന്നും മൂന്ന് വിദ്യാഭ്യാസ ഉപ ജില്ലകൾ ഭാഗിക്കുമെന്നും, അതിനുവേണ്ടി ഗവൺമെൻറ് നടപടി സ്വീകരിക്കുമെന്നും ഒരു ഘട്ടത്തിൽ പറഞ്ഞിരുന്നു. ഇതു സംബന്ധമായി അവസാനം ഗവൺമെൻറ് ചില തീരുമാനങ്ങൾ എടുത്ത വിവരം ശ്രീ. നാരായണൻറ സബ്മിഷനു മറുപടിയായി സഭയിൽ അറിയിക്കുന്നതിന് എനിക്ക് സന്തോഷമുണ്ട്. നമുക്ക് ഇപ്പോൾ ഉള്ളത് 157 എ. ഇ. ഒ. ഓഫീസുകളും 31 ഡി. ഇ. ഒ. ആഫീസുകളുമാണ്. 31 വിദ്യാഭ്യാസജില്ലകളും 157 ഉപജില്ലകളും ഉണ്ട്. ഈ ജില്ലകൾ ഭാഗിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ കിട്ടുകയുണ്ടായി. ഗവൺമെൻറ് ഇതു പരിശോധിച്ചിട്ട് ഏറ്റവുംമധികം സ്കൂളുകളുള്ള ജില്ലകൾ നോക്കി മൂന്ന് വിദ്യാഭ്യാസ ജില്ലകളും മൂന്ന് വിദ്യാഭ്യാസ ഉപ ജില്ലകളും വിഭജിക്കാൻ നയപരമായിതീരുമാനം എടുത്ത വിവരം ഞാൻ സഭയെ സന്തോഷപൂർവ്വം അറിയിക്കുന്നു. അതിൻറെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെടുന്ന ജില്ലകൾ, കാസർകോടും, ആലപ്പുഴയും, കൊട്ടാരക്കരയുമാണ്. കാസർകോട് വിദ്യാഭ്യാസ ജില്ല ഭാഗിച്ച് കാഞ്ഞങ്ങാട് ആസ്ഥാനമായി ഒരു ജില്ലയും ആലപ്പുഴ വിദ്യാഭ്യാസജില്ല ഭാഗിച്ച് ചേർത്തല ആസ്ഥാനമായി മറെറാരു വിദ്യാഭ്യാസജില്ലയും കൊട്ടാരക്കര വിദ്യാഭ്യാസജില്ല ഭാഗിച്ച് പുനലൂരിൽ മറെറാരു വിദ്യാഭ്യാസജില്ലയും ആരംഭിക്കുന്നതാണ്. ഇതിനു പുറമെ ഏറ്റവുമധികം സ്കൂളുകളുള്ള ഉപജില്ലകൾ അരീക്കോട്, പെരിന്തൽമണ്ണ, കോഴിക്കോട് റൂറൽ ഈ മൂന്ന് സബ്ഡിസ്ട്രിക്ടുകളും ഭാഗിക്കുകയാണ്. അതിൽ അരീക്കോട് ഭാഗിച്ച് കീഴ്ശ്ശേരിയിൽ ഒരു ഉപജില്ലയും പെരിന്തൽമണ്ണ ഭാഗിച്ച് മേലാറ്റൂരിൽ ഒരു ഉപജില്ലയും കോഴിക്കോട് റൂറൽ ഭാഗിച്ച് ഫറോക്കിൽ ഒരു ഉപജില്ലയും, ആരംഭിക്കുന്നതാണ്. അങ്ങനെ മൂന്ന് വിദ്യാഭ്യാസ ജില്ലകളും മൂന്ന് വിദ്യാഭ്യാസ ഉപജില്ലകളും ആരംഭിക്കാൻ ഗവൺമെൻറ് തീരുമാനം എടുത്തതായി ഞാൻ സഭയെ അറിയിക്കുകയാണ്. ഇതിനുള്ള എല്ലാ നടപടികളും പൂർത്തിയാക്കി. ഈ മാസം അവസാനത്തോടുകൂടി ഓഫീസുകൾ ഫംഗ്ഷൻ ചെയ്യുവാൻ പറ്റുമോ എന്നാണ് നോക്കുന്നത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ യോഗം നാളെയോ അല്ലെങ്കിൽ മറെറന്നാളോ വിളിച്ച് കൂട്ടുന്നുണ്ട്. ഈ കാര്യം വളരെക്കാലത്തെ ഒരു കാത്തിരിപ്പിന്ശേഷം വിദ്യാഭ്യാസ വകുപ്പ് എടുത്ത തീരുമാനമാണ്. ഇവിടെ പലർക്കും ഇനിയും ജില്ലകൾ ഭാഗിക്കണമെന്ന ആഗ്രഹമുണ്ട്. ധാരാളം നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. എങ്കിൽപ്പോലും അതു സംബന്ധിച്ച് ഇന്നത്തെ നമ്മുടെ സാഹചര്യത്തിൽ ചെയ്യാൻ കഴിയുന്ന പരമാവധി കാര്യമാണിത്. ഇതിനുതന്നെ വലിയ സാമ്പത്തിക ബാദ്ധ്യതവരും അതൊന്നും ഞാൻ ഈ സഭയിൽ ഇപ്പോൾ വ്യക്തമാക്കുന്നില്ല. ഇതെല്ലാം കണക്കിലെടുകൊണ്ടാണ് ഈ തീരുമാനം എടുത്തിട്ടുള്ളത്. ഈ തീരുമാനത്തിൻറെ ഭാഗമായി ബഹുമാനപ്പെട്ട മെമ്പറുടെ ജില്ലയും ഭാഗിച്ച് കാഞ്ഞങ്ങാട്മറെറാരു ജില്ല സ്ഥാപിക്കുന്നതാണ്.

(4) പള്ളുരുത്തിയിലെ സർക്കാർ ആശുപത്രിക്ക് താലൂക്ക് ആശുപത്രിയുടെ സ്റ്റാറ്റസ് കൊടുക്കണമെന്ന ആവശ്യം

ശ്രീ. ഡൊമിനിക് പ്രസൻേറഷൻ : സർ, പള്ളുരുത്തിയിൽ പുതുതായി പണി പൂർത്തിയാക്കിയിട്ടുള്ള 50 കിടക്കകളുള്ള സർക്കാർ ആശുപത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly